# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.5145 22.05.2017 ലെ മറുപടി**

**ദേവികുളം മണ്ഡലത്തിൽ ചെക്ക് ഡാമുകളുടെ നിർമ്മാണം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എസ്.രാജേന്ദ്രൻ :** | **മാത്യു ടി. തോമസ്**<br>**(ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) ദേവികുളം നിയോജക മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ചെക്ക് ഡാമുകളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;<br><br>(ബി) പൂർത്തിയാക്കിയ ചെക്ക് ഡാമുകൾ എത്രയാണെന്ന് വ്യക്തമാക്കുമോ; | (എ) & (ബി)<br><br>നബാർഡ് പദ്ധതിയിൽപ്പെടുത്തി മൂന്നാർ പഞ്ചായത്തിൽ കണ്ണിമല നദിക്ക് കുറുകെ രണ്ട് ചെക്ക് ഡാമുകൾ നിർമ്മിക്കാനായി ഭരണാനുമതി നല്കിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളുടെ ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തിയാക്കി ഡിസൈൻ അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു<br><br>കാന്തല്ലൂർ പഞ്ചായത്തിൽ കീഴാന്തൂർ വില്ലേജ് ഡ്രിപ്പ് ഇറിഗേഷൻ സ്കീമിനു വേണ്ടിയുള്ള ചെക്ക് ഡാം നിർമ്മാണം ഗുണഭോക്താക്കളുടെ ആവശ്യപ്രകാരം 200 മീറ്റർ മുകൾ വശത്തേക്ക് മാറ്റി പണിയുന്നതിന് വേണ്ടി നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>താഴെ പറയുന്ന ചെക്ക് ഡാമുകളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്.<br><br>1. കാന്തല്ലൂർ പഞ്ചായത്തിലെ കോയക്കോട് മൈക്രോ ഇറിഗേഷനു വേണ്ടി നിർമ്മിക്കുന്ന ചെക്ക് ഡാം<br>2. കാന്തല്ലൂർ പഞ്ചായത്തിലെ വെട്ടുക്കാട്ടിന് സമീപത്തുള്ള കുതര എന്ന സ്ഥലത്ത് മൈക്രോ ഇറിഗേഷന് വേണ്ടി നിർമ്മിക്കുന്ന ചെക്ക് ഡാം |

കൂടാതെ, ദേവികുളം നിയോജക മണ്ഡലത്തിൽ ജലനിധി പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന ചെക്കു ഡാമുകളുടെ ഗ്രാമപഞ്ചായത്തു തിരിച്ചുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

| ഗ്രാമപഞ്ചായത്ത് | നിർമ്മിക്കുന്ന ചെക്ക് ഡാമുകളുടെ എണ്ണം | പൂർത്തിയാക്കിയ ചെക്ക് ഡാമുകൾ |
|---|---|---|
| അടിമാലി | 4 | 4 |
| കാന്തല്ലൂർ | 4 | 1 |
| മറയൂർ | 6 | 4 |
| മാങ്കുളം | 16 | 14 |

(സി) പുതിയ ചെക്ക് ഡാമുകൾ നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(സി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ചെക്ക് ഡാമുകൾ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ